**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 560** **13-01-2021 - ൽ മറുപടിയ്ക്ക്**

**മാവൂർ ഗ്വാളിയർ റയോൺസിന്റെ ഭൂമി ഏറ്റെടുക്കാൻ നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി .ടി .എ . റഹീം | | Shri E. P. Jayarajan<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി) | |
| (എ) | മാവൂരിൽ ഗ്വാളിയർ റയോൺസിന്റെ കൈവശത്തിലുള്ള ഭൂമി ഏറ്റെടുത്ത് പുതിയ വ്യവസായസ്ഥാപനം ആരംഭിക്കുന്നതിന് സർക്കാർതലത്തിൽ നടത്തിവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (എ) | 10/10/2017 തീയതിയിലെ സ.ഉ.(എം.എസ്) 97/2017/ഐ.ഡി പ്രകാരം മാവൂർ ഗ്വാളിയോർ റയോൺസിന്റെ കൈവശത്തിലുള്ള ഭൂമി തിരികെ ഏറ്റെടുക്കുന്നതിനും, ഇൻഡസ്ട്രിയൽ പാർക്ക് തുടങ്ങുന്നതിന് കിൻഫ്രയ്ക്ക് അനുവദിക്കുന്നതിനും ഉത്തരവായിരുന്നു. എന്നാൽ ടി ഉത്തരവിനെതിരെ മാവൂർ ഗ്വാളിയോർ റയോൺസ് കമ്പനി ബഹു.ഹൈക്കോടതി മുൻപാകെ WP(C)No.33103/2017 ആയി റിട്ട് ഹർജി ബോധിപ്പിക്കുകയും, സ.ഉ.(എം.എസ്) 97/2017/ ഐ.ഡി സർക്കാർ ഉത്തരവിൻമേൽ ബഹു.ഹൈക്കോടതി സ്റ്റേ ഓർഡർ പുറപ്പെടുവിച്ചതിനാൽ ഭൂമി തിരികെ ഏറ്റെടുക്കാൻ സാധിച്ചിട്ടില്ല. നിലവിൽ കേസ് ബഹു.ഹൈക്കോടതിയുടെ പരിഗണനയിലാണ്. |
| (ബി) | ഇതുസംബന്ധിച്ച് ഹൈക്കോടതിയിലുള്ള കേസ് തീർപ്പാക്കുന്നതിന് റയോൺസ് അധികൃതരുമായി സർക്കാർ ചർച്ച നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ? | (ബി) | ഇതു സംബന്ധിച്ച് ഹൈക്കോടതിയിലുള്ള കേസ് തീർപ്പാക്കുന്നതിന് റയോൺസ് അധികൃതരുമായി ചർച്ചകൾ ഒന്നും നടത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ